"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - 2024-25 ലെ വാർഷികപദ്ധതി പ്രകാരം അച്ചടി വകുപ്പിൽ വിവിധതരം മെഷീനുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.85/2024/SPD തീയതി,തിരുവനന്തപുരം, 12-08-2024

പരാമർശം:- 1. അച്ചടി വകുപ്പ് ഡയറക്ടറുടെ 13/06/2024-ലെ PTGD/2269/2023-G3 നമ്പർ കത്ത്.

2. 06/07/2024-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം.

**ഉത്തരവ്**

2024-25 സാമ്പത്തിക വർഷത്തിലെ ആന്വൽ പ്ലാനിൽ അച്ചടി വകുപ്പിന്"4058-00-103-95 (P)" എന്ന ശീർഷകത്തിൽ വിവിധ തരം മെഷീനുകൾ വാങ്ങുന്നതിന് അനുവദിച്ചിട്ടുള്ള 5.22 കോടി രൂപയിൽ നിന്നും 2.95 കോടി രൂപയോളം 2023-24 സാമ്പത്തികവർഷത്തിലെ പ്ലാനിൽ ഉൾപ്പെട്ട മെഷീനുകൾ വാങ്ങുന്നതിനായി ചെലവാകുമെന്നതിനാൽ, നടപ്പ് സാമ്പത്തിക വർഷം 2.27 കോടി രൂപ വിനിയോഗിച്ച് വിവിധതരം മെഷീനുകൾ വാങ്ങുന്നതിന് അനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (1) പ്രകാരം അച്ചടി വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തു സമർപ്പിച്ചിട്ടുണ്ട്.

2. 06/07/2024 തീയതിയിൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രൊപ്പോസൽ പരിശോധിക്കുകയും അച്ചടി വകുപ്പിന് 2024-25 സാമ്പത്തിക വർഷത്തിൽ വിവിധതരം മെഷീനുകൾ വാങ്ങുന്നതിന് 4058-00-103-95 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 5.22 കോടി രൂപയിൽ നിന്നും 2.27 കോടി രൂപ ചെലവഴിച്ച് അച്ചടിവകുപ്പ് ഡയറക്ടർ ശുപാർശചെയ്ത പ്രകാരമുള്ള മെഷീനുകൾ വാങ്ങുന്നതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. 06/07/2024 തീയതിയിൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ച പ്രകാരം അച്ചടി വകുപ്പിൽ 2024-25 സാമ്പത്തിക വർഷത്തിൽ ചുവടെ ചേർത്തപ്രകാരമുള്ള മെഷീനുകൾ വാങ്ങുന്നതിനായി ആകെ 2.27 കോടി രൂപയ്ക്ക് (രണ്ടുകോടി ഇരുപത്തിയേഴുലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം | മെഷീന്റെ പേര് | സ്ഥാപിക്കാനുദ്ദേശിക്കുന്ന കാര്യാലയം | എണ്ണം | ഉദ്ദേശിക്കുന്ന വില |
|---|---|---|---|---|
| 1. | പെർഫെക്ട് ബയന്റിംഗ് മെഷീൻ (6/10 ക്ലാംപ്) | ഗവൺമെന്റ് പ്രസ്സ് മണ്ണന്തല | 1 | 75 ലക്ഷം |
| 2. | ഹെവി / ലൈറ്റ് ഡ്യൂട്ടി | ഗവൺമെന്റ് പ്രസ്സ്, കോഴിക്കോട്; | 2 | 11 ലക്ഷം |

| | | | | |
|---|---|---|---|---|
| | സ്റ്റിച്ചിംഗ് മെഷീൻ | ഗവൺമെന്റ് പ്രസ്സ്, വാഴൂർ | | |
| 3. | RA1 ഷീറ്റ് ഫെഡ് ഓഫ്സെറ്റ് മെഷീൻ | സെൻട്രൽ പ്രിസൺ പ്രസ്സ് തിരുവനന്തപുരം;<br><br>ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല | 1 | 45 ലക്ഷം |
| 4 | ബോക്സ് സ്ട്രാപ്പിംഗ് മെഷിൻ | ഗവൺമെന്റ് പ്രസ്സ്, ഷൊർണ്ണൂർ,<br><br>ഗവൺമെന്റ് പ്രസ്സ്, വയനാട് | 2 | 2 ലക്ഷം |
| 5 | പ്രിന്റിംഗ് ഡൗൺ ഫ്രെയിം മെഷീൻ | സെൻട്രൽ പ്രിസൺ പ്രസ്സ്, തിരുവനന്തപുരം | 1 | 8 ലക്ഷം |
| 6 | മോണോക്രോം ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ (Dual Drum) | ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം;<br><br>ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല;<br><br>ഗവൺമെന്റ് പ്രസ്സ്, കോഴിക്കോട് | 3 | 30 ലക്ഷം |
| 7 | മോണോക്രോം ഡിജിറ്റൽ പ്രിന്റർ | ഗവൺമെന്റ് പ്രസ്സ്, വാഴൂർ | 1 | 5 ലക്ഷം |
| 8 | ക്രീസിംഗ് മെഷിൻ | സെൻട്രൽ പ്രിസൺ പ്രസ്സ്, തിരുവനന്തപുരം/ഗവ.പ്രസ്സ് മണ്ണന്തല | 2 | 5 ലക്ഷം |
| 9 | RA1 കംപ്രസ്സർ | ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം (2 എണ്ണം)<br><br>ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല (2 എണ്ണം) | 4 | 9 ലക്ഷം |
| 10 | സ്മാഷിംഗ് & നിപ്പിംഗ് പ്രസ്സ് | ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം | 1 | 3 ലക്ഷം |
| 11 | Additional Infrastructure including Computers and Accessories (Computer, Printer, Scanner) | എല്ലാ ശാഖാ കാര്യാലയങ്ങളിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിന് | | 34 ലക്ഷം |
| | | **ആകെ** | | **2.27 കോടി** |

4 . ഇതിലേയ്ക്കാവശ്യമായ തുക നടപ്പ് സാമ്പത്തികവർഷത്തിലെ "4058-00-103-95 (P)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതും മെഷീനുകൾ വാങ്ങുന്നതിനാവശ്യമായ എല്ലാനടപടിക്രമങ്ങളും അച്ചടിവകുപ്പ് ഡയറക്ടർ കൃത്യമായും പാലിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്മിത എസ്
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
3. ധനകാര്യ വകുപ്പ്.
4. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
5. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ),വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Seetha K M

Date: 12-08-2024 17:02:21

സെക്ഷൻ ഓഫീസർ